# നമ്മുടെ ലിററർജി

## പ്രശ്നങ്ങളും പ്രതിവിധികളും

- സീറോ മലബാർ സഭയിലെ മെത്രാന്മാർക്ക് ഒരു തുറന്ന കത്ത്
- ചില നിർദേശങ്ങൾ
- പരിഷ്കരണത്തിനു പഞ്ചശീലങ്ങൾ

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# 1. സീറോ മലബാർ സഭയിലെ മെത്രാന്മാർക്കു് ഒരു തുറന്ന കത്തു്

*അഭിവന്ദ്യ പിതാക്കന്മാരേ,*

ആരാധനക്രമരംഗത്തെ ഇപ്പോഴത്തെ പ്രതിസന്ധികൾക്കിടയിൽ കർബാനപരിഷ്കരണത്തിനുള്ള പരിശ്രമവും നടപടികളും വിവിധ തലങ്ങളിൽ നടന്നുവരികയാണല്ലോ. ശാന്തമായി ചിന്തിച്ചു് ഫലപ്രദവും പ്രായോഗികവുമായ ഒരു സംയുക്തതീരുമാനത്തിലെത്തിച്ചേരുവാൻ ഇപ്പോഴത്തെ കലുഷമായ അന്തരീക്ഷം സഹായകരമല്ല. അതിനാൽ, ധൃതിയിൽ ഒരു ഫൈനൽ ടെക്സ്റ്റ് ഉടനെ ഉണ്ടാക്കിയിട്ടു കാര്യമില്ല. അല്ലെങ്കിൽ, അതു് ദൈവജനത്തിനാകെ അരോചകമായ രീതിയിൽ പുനരുദ്ധരിക്കപ്പെട്ടിരിക്കുന്ന റാസയുടെ മറ്റൊരു വികലരൂപമായി പരിണമിച്ചേന്നുവരാം. അതുകൊണ്ടു്, ഫൈനൽ ടെക്സ്റ്റ് അല്ല, അതിനുള്ള നക്കൽ (ഡ്രാഫ്റ്റ്) ആണു് ഡിസംബറിൽ മെത്രാന്മാർ സമ്മേളിക്കുമ്പോൾ തയ്യാറാക്കേണ്ടതു്. എന്നിട്ടു്, 1981–ൽ ചെയ്തതുപോലെ അതു് സത്യദീപത്തിലും മറ്റു കത്തോലിക്കാ പ്രസിദ്ധീകരണങ്ങളിലും പ്രസിദ്ധപ്പെടുത്തണം. പള്ളികൾക്കും മറ്റു സ്ഥാപനങ്ങൾക്കും കോപ്പികൾ അയച്ചുകൊടുക്കുകയും വേണം. 1968, 1981–കളിലെ പ്രശംസനീയമായ ആ മാതൃകകൾ വീണ്ടും സ്വീകരിച്ചു് യഥായോഗ്യം തയ്യാറാക്കുന്ന ഒരു കർബാനക്രമത്തിനു് 1968–ലെ ക്രമത്തിനു ലഭിച്ചതുപോലെ ഹൃദ്യമായ സ്വാഗതം ലഭിക്കുമെന്നതു തീർച്ചയാണു്. 1981–ലെ ടെക്സ്റ്റ് കുറേക്കൂടി പുരോഗമനപരമായിരുന്നതുകൊണ്ടു് കൂടുതൽ ഊഷ്മളമായ സ്വീകരണം അതിനു ലഭിച്ചേനേ. പക്ഷേ, ദുരൂഹമായ കാരണങ്ങളാൽ അതു് റോമിലെ 'പൗരസ്ത്യസംഘം' നിരാകരിച്ചു. ആ നടപടി ഇനി ആവർത്തിക്കപ്പെടുകയില്ലെന്നു കരുതാം. ഒരു മാതൃകാടെക്സ്റ്റ്–ഡ്രാഫ്റ്റ് കണ്ടുകൊണ്ടു്, അക്കമിട്ടു് അഭിപ്രായം രേഖപ്പെടുത്തുന്നതാണു്

CHRISTIAN MUSICOLOGICAL SOCIETY OF INDIA

പ്രായോഗികവും പ്രയോജനകരവും. അതിനുള്ള സംവിധാനമൊന്നും ഇപ്പോഴില്ല; എവിടെനിന്നു തുടങ്ങണമെന്നതിനുതന്നെ ഒരു അടിസ്ഥാനവുമില്ല. ഇപ്പോൾ രൂപതാക്കമ്മിററികളോടാണ് നിർദേശങ്ങൾ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരിക്കുന്നതു്. വിശ്വാസികളിൽ ബഹുഭൂരിപക്ഷത്തിനും ഈ നടപടിക്രമത്തെപ്പററി അറിവില്ല. ദൈവജനത്തിനു് അഭിപ്രായപ്രകടനത്തിനു് അവസരം ലഭിച്ചിട്ടില്ലെന്നു ചുരുക്കം. ഉദയംപേരൂർ സൂന്നഹദോസിൽ ദോം മെനേസ്സീസ് മെത്രാപ്പോലീത്താപോലും വൈദികരേയും അൽമായപ്രതിപുരുഷന്മാരേയും വിളിച്ചുകൂട്ടി ചർച്ചചെയ്തതിനുശേഷമാണ് കർബാനപരിഷ്കരണം നടത്തിയതു്. ലിററർജി പരിഷ്കരണത്തിൽ വൈദികരേയും വിശ്വാസികളേയും സഹകരിപ്പിക്കുക, അവരുമായി ഡയലോഗ് നടത്തുക എന്നിവ നമ്മുടെ പ്രശസ്തമായ പൗരസ്ത്യപാരമ്പര്യത്തിൽ അധിഷ്ഠിതമായ വഴക്കങ്ങളാണ്. അതൊന്നും ഇവിടെ പാലിച്ചിട്ടില്ല. വിദ്യാസമ്പന്നരായ അൽമായരോടെന്നല്ല, ബലിയർപ്പിക്കുന്ന വൈദികരോടുപോലും ആലോചിക്കേണ്ടതില്ലെന്നു് ശാഠ്യംപിടിക്കുകയും, അവർക്കു് ലിററർജികാര്യത്തിൽ അഭിപ്രായം പറയുവാൻ കഴിവില്ലെന്നു് റോമിലേക്കു് എഴുതിയയയ്ക്കുകയുംചെയ്ത ന്യൂനപക്ഷത്തിന്റെ അഹങ്കാരത്തിനു്, പുനരുദ്ധരിക്കപ്പെട്ടിരിക്കുന്ന റാസയോടുള്ള ദൈവജനത്തിന്റെ അതിശക്തവും വ്യാപകവുമായ പ്രതിഷേധത്തിലൂടെ ഇപ്പോൾ തക്കശിക്ഷ ലഭിച്ചിരിക്കുകയാണ്. സർവ്വോപരി, തീർത്തും അനഭിജ്ഞരും അസ്വീകാര്യരുമെന്നു് പ്രസ്തുത ന്യൂനപക്ഷം മുദ്രകുത്തിയ അൽമായരിൽനിന്നുതന്നെ ചിലർ റാസയിലെ ദൈവശാസ്ത്രപരമായ തെററുകളുടെ പട്ടിക നിരത്തിക്കൊണ്ടു് അവ എങ്ങനെ തിരുത്തണമെന്നു ചൂണ്ടിക്കാണിച്ചപ്പോൾ, തന്നെത്താൻ ഉയർത്തുന്നവരെ ദൈവം എങ്ങനെ താഴ്ത്തുമെന്നു് അവർ അനുഭവിച്ചറിയുകയായിരുന്നു.

ഡ്രാഫ്ററ് പ്രസിദ്ധപ്പെടുത്തി ഹിതപരിശോധന നടത്തുന്നതിനു് അല്പം സാവകാശം വരുന്നതിൽ ആർക്കും പ്രതിഷേധം തോന്നേണ്ട കാര്യമില്ല. കാരണം, ബഹുഭൂരിപക്ഷം ആളുകളും 1968–ലെ ടെക്സ്റ്റിനെ അനുകൂലിക്കുന്നവരാണ്. അതിന്റെ മേന്മയെപ്പററി ഇപ്പോഴാണ് അവർ കൂടുതൽ ബോധവാന്മാരാകുന്നതു്. തീർത്തും നിരാശാജനകമായ ഒരു റാസയുടെ ആവിർഭാവംതന്നെയാണതിനു പശ്ചാത്തലമൊരുക്കിയതു്. 1968–ലെ കർബാനക്രമം മാററണമെന്നതു് ഇവിടത്തെ ദൈവജനത്തിന്റെ ആവശ്യമേ ആയിരുന്നില്ല. 'ഇതു് മാററണം; തൽസ്ഥാനത്തു് 4–ാം നൂററാണ്ടിലെ കൽദായകർബാനക്രമം പുനഃസ്ഥാപിക്കണം; അല്ലെങ്കിൽ സഭ നശിക്കും'—എന്ന മട്ടിൽ ബഹളംകൂട്ടിയിരുന്ന 'ന്യൂനപക്ഷം' ആഗ്രഹിച്ചതു നേടി, സംതൃപ്തരായി, അവരുടെ സങ്കേതങ്ങളിൽ അഭയം തേടിക്കഴിഞ്ഞു. ഈ സാഹചര്യത്തിൽ, കർബാനപരിഷ്കരണത്തിനു് എത്ര കാലതാമസമുണ്ടായാലും കൽദായവാദികൾക്കു് ഇനി പ്രതിഷേധത്തിന്റെ ആവശ്യമില്ല. അതുകൊണ്ടു്, ഹിതപരിശോധനയ്ക്കു വേണ്ടത്ര സാവകാശം കിട്ടുന്നതിനു് ഏതാനും മാസത്തേക്കുകൂടി 1968-ലെ കബ്ബാനക്രമം തുടരട്ടെ എന്നുവയ്ക്കുകയാണ് അഭിലഷണീയം. ഡിസംബറിൽ ഒരു ഡ്രാഫ്ററ് തയ്യാറാക്കി പിരിയുക എന്നതു് അഭിവന്ദ്യപിതാക്കന്മാർക്കു്

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

## 4. ആവർത്തനവിരസത

മനുഷ്യപ്രകൃതിയുടെ മൗലിക പ്രവണതകളെയും അടിസ്ഥാനപരമായ അഭിരുചികളെയും പ്രത്യേകം പരിഗണനയിലെടുത്തുകൊണ്ട് രണ്ടാം വത്തിക്കാൻ കൗൺസിൽ ലിറ്റർജി പരിഷ്കരണവിഷയത്തിൽ നല്കിയിട്ടുള്ള ചില മാർഗനിർദേശങ്ങളുണ്ട്. ആവർത്തനവിരസത, സങ്കീർണത, അവ്യക്തത ഇവ ഒഴിവാക്കി ഹ്രസ്വവും സുഗ്രഹവും ലളിതവുമായി ആരാധനക്രമത്തെ അവതരിപ്പിക്കുക എന്നത് അതിൽ സർവപ്രധാനമായ ഒരാശയമാണ് (Ref. ലിറ്റർജി 34). ഇത്തരം നിർദേശങ്ങൾ അവയുടെ സ്വഭാവത്താൽത്തന്നെ റീത്തുഭേദമെന്യേ സകലർക്കും ബാധകവും സ്വീകാര്യവുമത്രെ. വി. കുർബാന നാം ദിവസേന ആവർത്തിക്കുന്നു. എന്നാൽ, കുർബാനയ്ക്കുള്ളിൽത്തന്നെ ആവർത്തനങ്ങളുണ്ടാകുമ്പോൾ വിരസതയ്ക്കു കാരണമാകുന്നു. ആരാധനക്രമത്തിന്റെ ഹൃദ്യതയ്ക്കും ആകർഷകത്വത്തിനും ഭംഗംവരുത്തുമെന്നതുകൊണ്ട് അവശ്യം പരിഹരിക്കേണ്ട ഒരു ന്യൂനതയെന്ന നിലയിൽ ആവർത്തനവിരസതയെ വത്തിക്കാൻ കൗൺസിൽ വീക്ഷിക്കുമ്പോൾ അതിനെ നമ്മുടെ വിലപ്പെട്ട പൈതൃകവും അമൂല്യനിധിയുമായി ഉയർത്തിക്കാട്ടുന്ന 'റീത്തുവിദഗ്ധ'രുടെ മനോഭാവം എത്രയോ അപഹാസ്യമാണ്! ചടങ്ങുകളുടെ സമയദൈർഘ്യമാണ് പൗരസ്ത്യർക്കു പൊതുവേ ആഘോഷങ്ങളുടെ മഹത്ത്വത്തിന്റെ മാനദണ്ഡം. കരുതിയിട്ടുള്ള പ്രാർത്ഥനകൾ അതിനു തികയുന്നില്ലെന്നു തോന്നിയാൽ ഉള്ളവതന്നെ പലവട്ടം ആവർത്തിക്കും. ഞായറാഴ്ചമാത്രം ദിവ്യബലി അർപ്പിക്കുന്ന സമ്പ്രദായമായിരുന്നല്ലോ പൗരസ്ത്യർക്ക്. പിന്നീട് പാശ്ചാത്യരെ അനുകരിച്ചു പ്രതിദിന ബലിയർപ്പണമെന്നു വന്നപ്പോൾത്തന്നെ ആവർത്തനപ്രതിപത്തിയോടു വിടപറയേണ്ടതായിരുന്നു. ആകയാൽ പുതുതായി സംവിധാനംചെയ്യുന്ന കുർബാനയിൽ ആവർത്തനവിരസത എന്ന ന്യൂനത ഉണ്ടാകരുത്. ഒരു പ്രാർത്ഥനയും രണ്ടാമതു് ആവർത്തിച്ചുകൂടാ. ആയുർവേദവിധിപ്രകാരമുള്ള ആവർത്തനംതന്നെ വേണ്ടവർക്ക് അതിനു പറ്റിയ ക്രമം നിലവിൽ വന്നുകഴിഞ്ഞല്ലോ. അവരതുകൊണ്ടു തൃപ്തിപ്പെടട്ടെ.

## 5. ഭാഷാശൈലി

ആരാധനക്രമഗ്രന്ഥങ്ങൾ മാതൃഭാഷയിലേക്കു തർജമചെയ്യുമ്പോൾ അതാതു ഭാഷകളുടെ ശൈലിതന്നെ കൃത്യമായി സ്വീകരിക്കുക, പദാനുപദ തർജമ ഒഴിവാക്കുക എന്ന പൊതുമാനദണ്ഡമാണല്ലോ തിരുസഭയിൽ എല്ലാ വിഭാഗക്കാരും സ്വീകരിച്ചിട്ടുള്ളത്. വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനവും ഭാഷകളുടെ പ്രത്യേക വ്യക്തിത്വം നിലനിർത്തുന്ന ഭാഷാന്തരത്തിനനുകൂലമാണ് (Instructions on translation of Liturgical Texts No 6, 20). ഒരുപക്ഷേ, കേരളീയർ വിശിഷ്യാ, സീറോ മലബാർ സമുദായം, മാത്രമായിരിക്കാം 'ഇതിനൊ'രു അപവാദം. കാരണം മലയാളഭാഷയും സുറിയാനി ശൈലിയും എന്നു രണ്ടു വഞ്ചിയിൽ കാൽ ചവിട്ടുന്ന തന്ത്രമാണ് നാളിതുവരെ ഈ രംഗത്ത് നാം ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുള്ളത്. ഈ സമ്പ്രദായം ഭാഷയെ ആകെ വികൃതമാക്കിയിട്ടുണ്ട്. ഉദാഹരണങ്ങൾ:

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



1. 'അവൻ', 'നീ' പ്രയോഗങ്ങൾ. ബഹുമാന്യവ്യക്തികളെ സംബോധനചെയ്യാൻ പൂജകസർവനാമങ്ങൾ ഉപയോഗിക്കുക എന്നതാണു മലയാളഭാഷാശൈലി. ഈ സൗകര്യമില്ലാത്ത ഭാഷകളിലെ പ്രയോഗങ്ങൾ അന്ധമായി അനുകരിച്ചതുകൊണ്ടുള്ള ശൈലീഭംഗങ്ങൾക്കു് ഉദാഹരണങ്ങൾ ധാരാളം. പിതാവായ ദൈവത്തെ 'അങ്ങു്' എന്നും, പുത്രനെ 'നീ' എന്നും വ്യത്യസ്തമായി സംബോധനചെയ്യുന്നതിനു് ഒരു നീതീകരണവുമില്ല. പിതാവു പുത്രനെ 'നീ' എന്നു വിളിച്ചാൽ അതിന്റെ സാംഗത്യം മനസ്സിലാക്കാം. നമുക്കു് ഇരുവരും ഒരുപോലെയാണു്. സത്താപരമായി സമന്മാരും. ഇവരെ വ്യത്യസ്തരീതിയിൽ സംബോധനചെയ്യുന്ന പക്ഷം പരിശുദ്ധാത്മാവിനുവേണ്ടി മൂന്നാമതൊന്നു കണ്ടുപിടിക്കേണ്ടിവരും. പുരോഹിതനെ 'അങ്ങു്' എന്നും, വചനമായ ദൈവത്തെ 'നീ' എന്നും സംബോധനചെയ്യുന്നതിലെ പൊരുത്തക്കേടു ശ്രദ്ധേയമാണു്.

2. ആളിനെ വിളിച്ചിട്ടു കാര്യം പറയുക, ഇതാണു ഭാഷാശൈലി. ഭാരതീയാചാരവും മറ്റൊന്നല്ല. പ്രാർത്ഥനയ്ക്കും ഇതു ബാധകമാണു്. നമ്മുടെ ആരാധനക്രമത്തിലാകട്ടെ പ്രാർത്ഥനയിലെ നിവേദനങ്ങളെല്ലാം തീരുമ്പോൾ 'നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ' എന്നു വിളിച്ചു നിർത്തുകയാണു്. 'എനിക്കു ടെക്സ്റ്റ് ബുക്കു വാങ്ങിക്കണം. ഒരു ജോഡി ഡ്രസ്സ് വേണം. അതിനു മൊത്തം 500 രൂപാ തരണം. പുത്രവത്സലനും ഉദാരമതിയും ദയാവാരിധിയുമായ അപ്പാ' എന്നു് ഒരു വിദ്യാർത്ഥി രക്ഷാകർത്താവിന്റെ പക്കൽ നിവേദനം നടത്തുന്ന വിചിത്രമായ അനുഭവം ഒന്നു വിഭാവനംചെയ്താൽ ഈ വികൃതശൈലിയുടെ വൈകല്യം ബോദ്ധ്യമാകും. തഴങ്ങിയ തെററു ശരിയായി തോന്നാമെങ്കിലും ഇത്തരം ശൈലീഭംഗങ്ങൾ വെച്ചുപുലർത്തുന്നതു പുതിയ ഒരു 'പാതിരിഭാഷ'യുടെ ഉദയത്തിനു നാന്ദികുറിക്കലാണെന്ന ആശങ്കയ്ക്കു കാരണമാകാം. ഈ സുറിയാനിശൈലി ഒഴിവാക്കി ശുദ്ധമായ മലയാളഭാഷതന്നെ ഉപയോഗിക്കുന്നതിൽ ഇത്രയേറെ മനഃക്ലേശം തോന്നേണ്ട കാര്യമെന്തെന്നു പിടികിട്ടുന്നില്ല.

3. പൂർവാപരബന്ധമില്ലാതെ വാക്യങ്ങളുടെ അന്ത്യത്തിൽ 'ഇപ്പോഴും എപ്പോഴും എന്നേക്കും', 'സകലത്തിന്റെയും നാഥാ എന്നേക്കും' മുതലായ പ്രയോഗങ്ങൾ വാൽക്കഷണംപോലെ വെച്ചുകെട്ടുന്നതു ഭാഷയെ എത്രയധികം വിരൂപമാക്കുന്നു എന്നു തൽപ്രണേതാക്കൾ ചിന്തിക്കാത്തതാണു കഷ്ടം.

തർജ്ജമയിൽ മാതൃഭാഷാശൈലി ശുദ്ധമായി നിലനിർത്തണമെന്നു കൗൺസിൽ ഡിക്രികൾ ഉദ്ധരിച്ചു വാദിച്ചു സമർത്ഥിച്ച ഒരു ബഹുമാന്യ വ്യക്തിതന്നെ മിക്ക പ്രാർത്ഥനകളുടെയും അന്ത്യത്തിൽ ഇത്തരം പ്രയോഗങ്ങൾ അടിച്ചു ചേർത്തുകൊണ്ടു കുർബാനക്രമത്തിനു് ഒരു ഡ്രാഫ്റ്റ് ഉണ്ടാക്കിക്കണ്ടപ്പോൾ ഓർത്തുപോയി: 'വാക്കിൽനിന്നു പ്രവൃത്തിയിലേയുള്ള ദൂരം എത്രയോ വലുതു്!'

---

Published by Catholic Association Kanjirappally.
Printed at d. c. press, kottayam

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

---

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

---

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS